# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 642 12.07.2012 -ലെ മറുപടി

### കെ.ടി.ഡി.എഫ്.സി. നിക്ഷേപനയം

ചോദ്യം

ശ്രീ. റ്റി. വി. രാജേഷ് :
" ജി. സുധാകരൻ :
" വി. ചെന്താമരാക്ഷൻ :
" പുരുഷൻ കടലുണ്ടി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവ പരിഷ്കരിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (എ) | കമ്പനിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങളിലൊന്ന് കെ.എസ്.ആർ.ടി.സി.യെ ധനപരമായി സഹായിക്കുക എന്നതാണ്. ഇതു കൂടാതെ കെ.എസ്.ആർ.ടി.സി.യ്ക്കു വേണ്ടി ബി.ഒ.ടി അടിസ്ഥാനത്തിൽ ബസ് ടെർമിനൽ കോംപ്ലക്സുകൾ നിർമ്മിക്കുന്ന പ്രവർത്തി ഏറ്റെടുത്തു നടത്തുന്നുണ്ട്. തിരുവനന്തപുരത്ത് ടാഗോർ തീയേറ്ററിന്റെ ആധുനികവൽക്കരണം കെ.ടി.ഡി.എഫ്.സി ഏറ്റെടുത്ത് നടത്തിവരുന്നു.<br>മേൽപറഞ്ഞ സേവനങ്ങൾക്കു പുറമേ വാഹന, ഭവന വായ്പകളും, പദ്ധതികൾ, നിർമ്മാണം എന്നിവയ്ക്കുള്ള വായ്പകളും നല്കി വരുന്നു.<br>കൂടുതൽ ധനസ്രോതസുകൾ കണ്ടെത്തുന്നതിനുവേണ്ടി കെ.ടി.ഡി.എഫ്.സി 2 പുതിയ നിക്ഷേപ പദ്ധതികൾക്ക് രൂപം നല്കിയിട്ടുണ്ട്. മാതാപിതാക്കൾക്ക് വേണ്ടി ജോലിയുള്ള മക്കൾക്ക് നിക്ഷേപിക്കാവുന്ന ഒരു നിക്ഷേപ പദ്ധതിയും, കുട്ടികളുടെ ഭാവി ശോഭനമാക്കുവാൻ കുട്ടികൾക്കായുള്ള ഒരു പ്രത്യേക നിക്ഷേപ പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.<br>കെ.എസ്.ആർ.ടി.സിയ്ക്ക് ധനസഹായം നൽകുന്നതിന് പുറമേ 2 പുതിയ വായ്പാ പദ്ധതികളും കെ.ടി.ഡി.എഫ്.സി വിഭാവനം ചെയ്തിട്ടുണ്ട്.<br>പ്രൊഫഷണലുകൾക്കായുള്ള വായ്പാ പദ്ധതി, സർക്കാർ അർദ്ധ സർക്കാർ ജീവനക്കാർക്കായുള്ള വാഹന വായ്പാ പദ്ധതി എന്നിവക്കും കെ.ടി.ഡി.എഫ്.സി.രൂപം നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കുമായി വാഹനവായ്പയായി ഇതുവരെ എന്ത് തുക അനുവദിച്ചു; വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് പ്രവർത്തന മൂലധന വായ്പ, വാഹന വായ്പാ ഇനങ്ങളിൽ 2005 കോടിയും സ്വകാര്യ സ്ഥാപനങ്ങൾ വ്യക്തികൾ ഇനത്തിൽ വായ്പയായി 82.65 കോടിയും ഇതുവരെ അനുവദിച്ചിട്ടുണ്ട്. |
| (സി) | നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി കെ.ടി.ഡി.എഫ്.സി. നിക്ഷേപനയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | കേരള സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലുള്ള നിക്ഷേപങ്ങൾക്ക് നിലവിൽ 10.00% മുതൽ 10.75% വരെയുള്ള ഉയർന്ന പലിശ നിരക്കാണ് നല്കിവരുന്നത്. കൂടാതെ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് വേണ്ടി കെ.ടി.ഡി.എഫ്.സി 2 പുതിയ പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നു.<br>മാതാ പിതാക്കൾക്ക് വേണ്ടി ജോലിയുള്ള മക്കൾക്ക് നടത്താവുന്ന പുതിയൊരു നിക്ഷേപ പദ്ധതിയായ "സല്യൂട്ട്" എന്ന് നാമകരണം ചെയ്ത പദ്ധതിയും കുട്ടികളുടെ ഭാവിയെ ഉദ്ദേശിച്ചുള്ള കുട്ടികൾക്കായുള്ള പ്രത്യേക നിക്ഷേപ പദ്ധതിയും നടപ്പാക്കുന്നതിനായുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ